**തദ്ദേശസ്വയംഭരണവകുപ്പ് പ്ലാനിംഗ്, ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ**

**ജില്ലാനഗരാസൂത്രകന്റെ നടപടിക്രമം**

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ- ഇരിട്ടി താലൂക്ക്-ഇരിട്ടി മുനിസ്സിപ്പാലിറ്റി- കീഴൂർ വില്ലേജ്- റീ.സ.നമ്പർ 53/2 ൽ പെട്ട സ്ഥലത്ത് ഗ്രൂപ്പ് ഐ-Hazardous building ഗണത്തിൽ ഉൾപ്പെടുന്ന ഒരു പെട്രോളിയം റീറ്റെയ്ൽ ഔട്ട് ലെറ്റ് നിർമ്മിക്കുന്നതിന് ഭൂപയോഗത്തിനും ലേഔട്ട് അനുമതിക്കും അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: - 1) KMBR-2019 ചട്ടം 30

2) ശ്രീ. കെ വി മായൻ, കെ.വി ഹൗസ്, പുന്നാട് (പി.ഒ), കീഴൂർ ഇരിട്ടി, കണ്ണൂർ -670 703. എന്നിവർ 25/10/2022 തീയതിയിൽ സമർപ്പിച്ച അപേക്ഷ.

---

**ഉത്തരവ് നമ്പർ TCPKNR/1046/2022-C** **തീയതി 30-11-2022**

---

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ, ഇരിട്ടി മുൻസിപ്പാലിറ്റി പരിധിയിൽ , കീഴൂർ വില്ലേജിൽ, റി.സർവ്വേ നം: 53/2 ൽ പെട്ട 1649.30ച.മീ വിസ്തൃതിയുള്ള പ്ലോട്ടിൽ Group-ഐ-Hazardous building ഗണത്തിൽ ഉൾപ്പെടുന്ന 283.34ച.മീ ബിൽട്ടപ്പ് വിസ്തീർണ്ണമുള്ള ഒരു പെട്രോളിയം റീറ്റെയ്ൽ ഔട്ട് ലെറ്റ് (സെയിൽസ് ബിൽഡിംഗ്-81.08 ച.മീ, കനോപി-180 ച.മീ, ടോയ് ലെറ്റ് ബ്ലോക്ക്-22.26 ച.മീ നിർമ്മിക്കുന്നതിന് ലേ ഔട്ട് അനുമതിക്കായി ശ്രീ.കെ.വി മായൻ, കെ.വി ഹൗസ്, പുന്നാട് (പി.ഒ), കീഴൂർ ഇരിട്ടി, കണ്ണൂർ -670 703 സമർപ്പിച്ച അപേക്ഷ പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭൂപയോഗത്തിനും ലേ ഔട്ട് അനുമതിക്കും അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. KMBR-2019 ചട്ടം 5(4) പ്രകാരം താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ എൻ.ഒ.സി / അനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതി നൽകുവാൻ പാടുള്ളൂ.
2. KMBR-2019 ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, അളവുകൾ, അതിരുകൾ, വിസ്തൃതി, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദിഷ്ട സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നില്ല എന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
3. നിർമ്മാണം KMBR-2019-നും, അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. KMBR-2019 ചട്ടം 76(1), 76(3) പ്രകാരമുള്ള ഭൂഗർഭ ജല പോഷണ സംവിധാനം, urban forestry എന്നിവ ഏർപ്പെടുത്തേണ്ടതാണ്.
5. KMBR-2019 ചട്ടം 42(3),(4) പ്രകാരം കെട്ടിടത്തിൽ വിഭാവനം ചെയ്ത disabled toilet, ടോയ് ലെറ്റിലേക്കുള്ള റാമ്പ്(1 in 12 slope) എന്നിവ ഏർപ്പെടുത്തേണ്ടതാണ്.
6. KMBR-2019 ചട്ടം 34(2),(3) പ്രകാരം കെട്ടിടത്തിൽ വിഭാവനം ചെയ്ത ശുചീകരണ സംവിധാനങ്ങൾ സന്ദർശകർക്ക് കൂടി ഉപയോഗിക്കാവുന്ന രീതിയിൽ ആണെന്ന് ഉറപ്പാക്കുക.
7. KMBR-2019 ചട്ടം 47(2) പ്രകാരം പെട്രോൾ പമ്പിന്റെ retail dispensing unit നു ചുറ്റും ചുരുങ്ങിയത്

7.5 മീ. clear open space ഉണ്ടെന്നു ഉറപ്പുവരുത്തേണ്ടതാണ്.

എൽ. എ നമ്പർ 65/2022 പ്രകാരം ജില്ലാ നഗരാസൂത്രകൻ അംഗീകരിച്ച കെട്ടിടവിന്യാസ വരപ്പുകൾ ഇതോടൊപ്പം അയക്കുന്നു.

ഈ ഉത്തരവ് നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിടനിർമ്മാണചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി ബന്ധപ്പെട്ട മുനിസ്സിപ്പാലിറ്റിയിൽ നിന്ന് ലഭിച്ചതിന് ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.

പി. രവികുമാർ

ടൗൺപ്ലാനർ, കണ്ണൂർ

To

സെക്രട്ടറി, ഇരിട്ടി മുനിസ്സിപ്പാലിറ്റി

<u>പകർപ്പ്</u>

1. ശ്രീ. കെ. വി .മായൻ, കെ.വി ഹൗസ്, പുന്നാട് (പി.ഓ), കീഴൂർ ഇരിട്ടി, കണ്ണൂർ -670 703. 2) ഫയൽ 3) കരുതൽ ഫയൽ